**15 -ാം കേരള നിയമസഭ**

**8 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 796** **06-02-2023 - ൽ മറുപടിയ്ക്ക്**

**ഭൂരഹിതരോ ഭവനരഹിതരോ ആയ പട്ടികജാതി പട്ടികവർഗ്ഗ കുടുംബങ്ങൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. ടി. ജെ. വിനോദ് | | ശ്രീ. കെ. രാധാകൃഷ്ണൻ<br>(പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗക്ഷേമവും ദേവസ്വവും പാർലമെന്ററികാര്യവും വകുപ്പ് മന്ത്രി) | |
| (എ) | ഭൂരഹിതരോ ഭവനരഹിതരോ ആയ പട്ടികജാതി പട്ടികവർഗ്ഗ കുടുംബങ്ങൾക്ക് ഭൂമിയും ഭവനവും നൽകുന്നതിനായി ലൈഫ് പദ്ധതി കൂടാതെ പ്രത്യേക പദ്ധതികൾ ആവിഷ്കരിച്ചിട്ടുണ്ടോ; എങ്കിൽ വിശദാംശം നൽകുമോ; | (എ) | ലൈഫ് മിഷൻ പദ്ധതി കൂടാതെ ഭൂരഹിതരായ പട്ടികവർഗ്ഗ കുടുംബങ്ങൾക്ക് ആദിവാസി പുനരധിവാസ വികസന മിഷൻ മുഖേന ലാന്റ് ബാങ്ക് പദ്ധതി, നിക്ഷിപ്തവനഭൂമി വിതരണം എന്നീ പദ്ധതികളിലായി ഭൂമി വിതരണം ചെയ്തു വരുന്നു. വനാവകാശ നിയമ പ്രകാരം അർഹരായവർക്ക് ഭൂമിക്ക് കൈവശാവകാശ രേഖയും നൽകുന്നുണ്ട്.<br><br>ഈ സർക്കാർ അധികാരത്തിൽ വന്ന ശേഷം ലാന്റ് ബാങ്ക് പദ്ധതി പ്രകാരം 198 പേർക്ക് 38.01 ഏക്കർ ഭൂമിയും, നിക്ഷിപ്ത വനഭൂമി വിതരണം ചെയ്യുന്ന പദ്ധതി പ്രകാരം 80 പേർക്ക് 15.20 ഏക്കർ ഭൂമിയും വിതരണം ചെയ്തിട്ടുണ്ട്. വനാവകാശ നിയമപ്രകാരം 1369 പേർക്ക് 1699.04 ഏക്കർ ഭൂമിയുടെ കൈവശാവകാശ രേഖയും നൽകിയിട്ടുണ്ട്.<br><br>ലാന്റ് ബാങ്ക് പദ്ധതി പ്രകാരം ഭൂമി വാങ്ങി നൽകുന്നവർക്ക് ആദിവാസി പുനരധിവാസ വികസന മിഷൻ മുഖേന വീട് അനുവദിക്കുന്നുണ്ട്. ഈ സർക്കാർ അധികാരത്തിൽ വന്ന ശേഷം ആദിവാസി പുനരധിവാസ വികസന മിഷൻ മുഖേന 255 പേർക്ക് ഭവനനിർമ്മാണത്തിന് ധനസഹായം അനുവദിച്ചിട്ടുണ്ട്.<br><br>ലൈഫ് പദ്ധതി കൂടാതെ, ഭൂരഹിതരായ പട്ടികജാതി വിഭാഗക്കാർക്ക് ഭൂമി വാങ്ങി നൽകുന്നതിനായി ഭൂരഹിത പുനരധിവാസ പദ്ധതിയും പട്ടികജാതിയിലെ ദുർബല വിഭാഗത്തിൽപ്പെട്ട ഭൂരഹിത-ഭവനരഹിതർക്കായി ദുർബല പുനരധിവാസ പദ്ധതിയും നടപ്പിലാക്കി വരുന്നു. ലൈഫ് പട്ടികയിൽ നിന്നാണ് ഇതിനുള്ള ഗുണഭോക്താക്കളെ തെരഞ്ഞെടുക്കുന്നത്. |
| (ബി) | മുൻ സർക്കാരിന്റെ കാലം മുതൽ നാളിതുവരെ | (ബി) | മുൻ സർക്കാരിന്റെ കാലഘട്ടത്തിൽ 2016-17 മുതൽ |

| | | | |
|---|---|---|---|
| | എത്രപേർക്ക് ഇപ്രകാരം ഭവനങ്ങൾ നിർമ്മിച്ച് നൽകിയെന്നും ഇനി എത്രപേർക്ക് ഭവനങ്ങൾ നിർമ്മിച്ച് നൽകുവാനുണ്ടെന്നും വ്യക്തമാക്കുമോ? | | 2017-18 വരെയായി പട്ടികജാതി വികസന വകുപ്പ് മുഖേന 23801 ഗുണഭോക്താക്കൾക്ക് ഭവന നിർമ്മാണ ധനസഹായം അനുവദിച്ചിട്ടുണ്ട്.<br><br>2016-17 മുതൽ പട്ടികവർഗ്ഗ വികസന വകുപ്പിന്റെ വിവിധ പദ്ധതികളിൽ ഉൾപ്പെടുത്തി നിർമ്മാണം ഏറ്റെടുത്ത ഭവനങ്ങളുടെ പൂർത്തീകരണം വകുപ്പിൽ നിന്നും തുക അനുവദിച്ച് നടപ്പിലാക്കി വരുന്നു. ആയത് പ്രകാരം 7540 വീടുകൾ ഏറ്റെടുത്തതിൽ നാളിതുവരെ 3461 വീടുകൾ പൂർത്തീകരിച്ചിട്ടുണ്ട്. ശേഷിക്കുന്ന വീടുകൾ വിവിധ ഘട്ടങ്ങളിലായി പുരോഗമിച്ചു വരുന്നു.<br><br>കൂടാതെ മുൻ സർക്കാരിന്റെ കാലം മുതൽ നാളിതുവരെ ആദിവാസി പുനരധിവാസ മിഷൻ മുഖേന 1618 പേർക്ക് ഭവനനിർമ്മാണത്തിന് ധനസഹായം അനുവദിച്ച് നൽകിയിട്ടുണ്ട്. ആയതിൽ 930 എണ്ണം പൂർത്തീകരിച്ചിട്ടുണ്ട്. ബാക്കിയുള്ളവയുടെ നിർമ്മാണം വിവിധ ഘട്ടങ്ങളിലായി പുരോഗമിക്കുന്നു. |

സെക്ഷൻ ഓഫീസർ